File No. DT/4815/2019-C1

ഭരണ ഭാഷ - മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നമ്പർ. ഡി.റ്റി/4815/19- സി1
തീയതി 14.10.2019

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2019ആഗസ്റ്റ് സെഷൻ - എൻ.സി.വി.റ്റി. ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ്തീയതി ദീർഘിപ്പിച്ചത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:-1. ഡി.ജി.റ്റിയിൽ നിന്നുള്ള ഇ-മെയിൽ സന്ദേശം.
2. ഈ കാര്യാലയത്തിലെ 05.10.19 തീയതിയിലെ ഡി.റ്റി/4815/2019-സി1(1) നമ്പരായ നടപടിക്രമം.
3. ഈ കാര്യാലയത്തിലെ 27.08.2019 തീയതിയിലെ ഡി.റ്റി/4468/19-സി1 നമ്പരായ കത്ത്.

---------

ഡി.ജി.റ്റിയിൽ നിന്നുള്ള ഇ-മെയിൽ സന്ദേശ പ്രകാരം ഗവ.ഐ.ടി.ഐകളിലെയും പ്രൈവറ്റ് ഐ.ടി.ഐകളിലെയും അഡ്മിഷൻ തീയതി 21.10.2019 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ആയതിനാൽ എല്ലാ സ്ഥാപനമേധാവികളും 22.10.2019 ന് തന്നെ അതാത് നോഡൽ സ്ഥാപനമേധാവികളുമായി ബന്ധപ്പെട്ട് സൂചന (2) -ൽ പരാമർശിച്ചിരുന്ന പ്രകാരം താൽക്കാലികമായി അഡ്മിഷൻ ക്ലോസിംഗ് തീയതി 21.10.2019 ആയി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മതിയായ അപേക്ഷകൾ ലഭിക്കാതെ സീറ്റുകൾ ഒഴിവുള്ള ഐ.ടി.ഐകളിൽ മാത്രം മാനുവലായി പുതിയ അപേക്ഷകൾ ക്ഷണിച്ച് ടി തീയതിയ്ക്ക് മുൻപായി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്.

കൂടാതെ അഡ്മിഷൻ ക്ലോസിംഗ് തീയതി 21.10.2019 വരെ ദീർഘിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ എസ്.സി/എസ്.ടി സീറ്റുകളിലേയ്ക്ക് ജനറൽ വിഭാഗത്തിലെ ട്രെയിനികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും സൂചന (3) പ്രകാരം നൽകിയിരുന്ന നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അഡ്മിഷൻ ക്ലോസിംഗ് തീയതി 21.10.2019 ആയി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ
ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്:-
എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

ആർ.വി 14.10.19